## പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.2212 — 17.6.2014-ൽ മറുപടിയ്ക്ക്

### പൊതുമേഖലാ സ്ഥാപനങ്ങളിൽ എന്റർപ്രൈസസ് റിസോഴ്സ് പ്ലാനിംഗ്

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.എം.എ.വാഹിദ്<br>ശ്രീ.കെ.ശിവദാസൻ നായർ<br>ശ്രീ.എ.റ്റി.ജോർജ്ജ്<br>ശ്രീ.കെ.മുരളീധരൻ | ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി) |
| (എ) പൊതുമേഖലാ സ്ഥാപനങ്ങളിൽ എന്റർപ്രൈസസ് റിസോഴ്സ് പ്ലാനിംഗ് നടപ്പിലാക്കുന്നകാര്യം പരിഗണനയിലുണ്ടോയെന്ന് വിശദമാക്കുമോ; | (എ) പരിഗണനയിലുണ്ട്. |
| (ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളും പ്രവർത്തന രീതിയും വിശദമാക്കുമോ;<br>(സി) ഏതെല്ലാം ഏജൻസികളാണ് ഇതിനായി സഹകരിക്കുന്നത്;<br>(ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ? | (ബി) (സി) (ഡി)<br><br>പൊതുമേഖലാസ്ഥാപനങ്ങളുടെ കണക്കുകൾ യഥാസമയം ക്രോഡീകരിച്ച് ഒരു സാമ്പത്തിക വർഷം കഴിഞ്ഞാലുടൻ ആഡിറ്റ് പൂർത്തിയാക്കാൻ വേണ്ടിയുള്ള ഇലക്ട്രോണിക്സ് സംവിധാനം (ERP) സ്ഥാപനങ്ങളുടെ സാമ്പത്തികസ്ഥിതിയുടെ അടിസ്ഥാനത്തിൽ നടപ്പിലാക്കുന്നതിനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. ERP സംവിധാനം വ്യവസായവകുപ്പിൻെറ അധീനതയിലുള്ള മലബാർ സിമൻറ്സിൽ ഇപ്പോൾ നിലവിലുണ്ട്. അതിനാൽ മറ്റു സ്ഥാപനങ്ങളിൽക്കൂടി ERP സംവിധാനം താരതമ്യേന ചെലവു കുറഞ്ഞതും സുതാര്യവുമായ രീതിയിൽ നടപ്പിലാക്കുന്നതിനുള്ള പ്രൊപ്പോസലുകൾ e-tender മുഖേന ക്ഷണിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിനായുള്ള ടെണ്ടർ ഡോക്യുമെൻറ് സർക്കാർ തലത്തിൽ പരിശോധിച്ചുവരികയാണ്. ഇതിനുവേണ്ടി 2014-15-ലെ ബഡ്ജറ്റിൽ 5 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.<br><br>ഇത് നടപ്പിലാക്കുകവഴി സ്ഥാപനങ്ങളിലെ എല്ലാ വകുപ്പുകളെയും ഏകോപിപ്പിച്ച് ഫലപ്രദമായി പ്രവർത്തിക്കുവാനുള്ള സംവിധാനം സാധ്യമാകും. |

കൂടാതെ ഓരോ കമ്പനികളുടെയും മൊത്തത്തിലുള്ള പ്രവർത്തനം സംബന്ധിച്ചുള്ള വിവരങ്ങൾ ഓൺലൈൻ ആയി ലഭ്യമാക്കാനും കഴിയും.

ഇതിൻെറ ഭാഗമായി മാസംതോറുമുള്ള റിപ്പോർട്ടിംഗ് സംവിധാനം [Monthly Monitoring System] ശക്തിപ്പെടുത്തുകയും, കമ്പനികളുടെ പ്രവർത്തനങ്ങൾ സംബന്ധിച്ച് നിർദ്ദേശങ്ങൾ നൽകുന്നതിനുള്ള സംവിധാനവും e-governance-ൻെറ ഭാഗമായി ഏർപ്പെടുത്തിക്കഴിഞ്ഞു.

സെക്ഷൻ ഓഫീസർ